## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4889. 21.10.2011-ൽ മറുപടിയ്ക്ക്

### തേക്കിൻ തോട്ടങ്ങളിലെ ഇടവെട്ട്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.അജിത് : | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പുമന്ത്രി) |
| (എ) വനം വകുപ്പ് നട്ടുപിടിപ്പിച്ച തേക്കിൻതോട്ടങ്ങളിൽ എത്ര വർഷം കൂടുമ്പോഴാണ് ഇടവെട്ട് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) വനം വകുപ്പ് നട്ടുപിടിപ്പിച്ച തേക്കിൻതോട്ടങ്ങളിൽ താഴെ വിവരിക്കുന്ന രീതിയിലാണ് ഇടവെട്ട് നടത്തുന്നത്.<br><br>1. മെക്കാനിക്കൽ തിന്നിംഗ് — 5-ാം വർഷം<br>2. ഫസ്റ്റ് സിൽവികൾച്ചറൽ തിന്നിംഗ് — 10-ാം വർഷം<br>3. സെക്കന്റ് സിൽവികൾച്ചറൽ തിന്നിംഗ് — 15-ാം വർഷം<br>4. തേർഡ് സിൽവികൾച്ചറൽ തിന്നിംഗ് — 20-ാം വർഷം<br>5. ഫോർത്ത് സിൽവികൾച്ചറൽ തിന്നിംഗ് — 30-ാം വർഷം<br>6. ഫൈനൽ തിന്നിംഗ് — 40-ാം വർഷം |
| (ബി) ഇങ്ങനെ നിശ്ചിത സമയത്ത് ഇടവെട്ട് നടത്താത്ത എത്ര ഹെക്ടർ തോട്ടങ്ങൾ ഏതൊക്കെ റെയിഞ്ചുകളിൽ ഉണ്ടെന്നും അത് ഏതെല്ലാം വർഷങ്ങളിൽ ആയിരുന്നുവെന്നും വ്യക്തമാക്കാമോ; | (ബി) നിശ്ചിത സമയത്ത് ഇടവെട്ട് നടത്താത്ത തോട്ടങ്ങളുടെ റെയിഞ്ച് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) നിശ്ചിത സമയത്ത് ഇടവെട്ട് നടത്താതിരിക്കുന്നതുമൂലം നഷ്ടം ഉണ്ടായിട്ടുണ്ടോ; | (സി) നിശ്ചിത സമയത്ത് ഇടവെട്ട് നടത്താതിരിക്കുന്നതു താത്ക്കാലികമായി റവന്യൂ നഷ്ടമുണ്ടാകുമെങ്കിലും പിന്നീട് അവ മുറിച്ച് വില്പന നടത്തുമ്പോൾ ആയത് പരിഹരിക്കപ്പെടാറുണ്ട്. |
| (ഡി) എങ്കിൽ ഇടവെട്ട് കൃത്യമായി നടത്തുന്നതിനുള്ള തടസ്സങ്ങൾ നീക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) കേന്ദ്ര സർക്കാർ അംഗീകരിച്ച വർക്കിംഗ് പ്ലാനിന്റേയും മാനേജ്മെന്റ് പ്ലാനിന്റേയും അടിസ്ഥാനത്തിലാണ് വനംവകുപ്പ്വക തോട്ടങ്ങളിൽ ഇടവെട്ടും അന്തിമവെട്ടും നടത്തുന്നത്. അംഗീകരിച്ച വർക്കിംഗ് പ്ലാനിന്റേയും മാനേജ്മെന്റ് പ്ലാനിന്റേയും അഭാവത്തിൽ പല ഡിവിഷനുകളിലും നിശ്ചിത സമയത്ത് ഇടവെട്ട് നടത്തുന്നത് തടസ്സപ്പെടാറുണ്ട്. കൂടാതെ തൊഴിൽ പ്രശ്നങ്ങളും മരം മുറി തടസ്സപ്പെടുവാൻ കാരണമായിട്ടുണ്ട്. വർക്കിംഗ് പ്ലാനും മാനേജ്മെന്റ് പ്ലാനും നിലവിലില്ലാത്ത ഡിവിഷനുകളിൽ |

അവ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതി നേടുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര അനുമതി ലഭിക്കുന്ന മുറയ്ക്ക് ഇടവെട്ട് ജോലികൾ പുനരാരംഭിക്കുന്നതാണ്. കൂടാതെ തൊഴിലാളിത്തർക്കങ്ങൾ മൂലം പണികൾ തടസ്സപ്പെട്ടയിടങ്ങളിൽ ട്രേഡ് യൂണിയൻ പ്രതിനിധികളും ലേബർ വകുപ്പ് ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തി പ്രതിസന്ധി തീർക്കാനുള്ള നടപടികളും സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.